പ്പെടുത്തിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് കെൽട്രോൺ മുഖേന നടത്തിയ കമ്പ്യൂട്ടർ ട്രെയിനിംഗ് സംബന്ധിച്ച് ക്രമക്കേടുകളോ അഴിമതിയോ ആരോപിക്കപ്പെട്ടിട്ടില്ല.

(സി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സി-ഡിറ്റിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാസർകോട് ജില്ലയിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം

95 [1440] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇപ്പോൾ ഏതൊക്കെ കെട്ടിടങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ബി) ഇവയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർകോഡ് ജില്ലയിൽ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ പണിയുന്നതിന് 525 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളിനും ഹോസ്റ്റലിനും ആവശ്യമായ കെട്ടിടങ്ങളാണ് ഇപ്പോൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കാലതാമസമില്ലാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

ഐ.ടി.സി. കോഴ്സുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം

96 [1441] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.-കളിലെ കോഴ്സുകൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ പറയാമോ;

(സി) എൻ.സി.വി.ടി. അംഗീകാരം ഇല്ലാത്തതു കാരണം ഈ കോഴ്സുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly